**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം, 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 20.12.2025

## വ്യാജ രേഖകൾ ചമച്ച് നികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക തട്ടിയെടുത്ത വില്ലേജ് വില്ലേജ് ഓഫീസറെ വിജിലൻസ് കോടതി 34 വർഷം കഠിന തടവിന് ശിക്ഷിച്ചു.

കണ്ണൂർ-1, കണ്ണൂർ-2 വില്ലേജ് ഓഫീസുകളിലെ വില്ലേജ് ഓഫീസറായിരിക്കെ രജിസ്റ്ററുകളിൽ കൃത്രിമം കാണിച്ചും, തെറ്റായ വിവരങ്ങൾ ചേർത്തും, വ്യാജ രേഖകൾ ചമച്ചും സർക്കാരിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുക തട്ടിയെടുത്തതിന് കണ്ണൂർ-1, കണ്ണൂർ-2 വില്ലേജ് ഓഫീസുകളിലെ മുൻ വില്ലേജ് ഓഫീസറായിരുന്ന എം.പി. അനിൽകുമാറിനെ കുറ്റക്കാരനാണെന്ന് തലശ്ശേരി വിജിലൻസ് കോടതി കണ്ടെത്തി, വിവിധ വകുപ്പുകളിലായി 34 വർഷം കഠിന തടവിനും 9,80,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (20.12.2025) ശിക്ഷ വിധിച്ചു.

2005-2007 കാലഘട്ടത്തിൽ കണ്ണൂർ-1, കണ്ണൂർ-2 വില്ലേജ് ഓഫീസുകളിലെ വില്ലേജ് ഓഫീസറായിരുന്ന എം.പി. അനിൽകുമാർ വില്ലേജ് ഓഫീസിലെ രേഖകളിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയും, രജിസ്റ്ററുകളിൽ കൃത്രിമം കാണിച്ചും, വ്യാജ രേഖകൾ ചമച്ചും നികുതിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട 6,08,892/- രൂപ തട്ടിയെടുത്തതിന് കണ്ണൂർ വിജിലൻസ് യൂണിറ്റ് ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിരുന്നു. ഈ കേസ്സിലാണ് വില്ലേജ് ഓഫീസറും കണ്ണൂർ തലശ്ശേരി സ്വദേശിയുമായ എം.പി. അനിൽകുമാർ കുറ്റക്കാരനാണെന്ന് കണ്ടെത്തി വിവിധ വകുപ്പുകളിലായി 34 വർഷം കഠിന തടവിനും, 9,80,000/- രൂപ പിഴ ഒടുക്കുന്നതിനും തലശ്ശേരി വിജിലൻസ് കോടതി ശിക്ഷ വിധിച്ചത്. പന്തീരങ്കാവ് വില്ലേജ് ഓഫീസറായിരിക്കെ ഭൂമി തരം മാറ്റി നൽകുന്നതിന് 50,000/- രൂപ കൈക്കൂലി വാങ്ങവെ എം.പി. അനിൽകുമാറിനെ കഴിഞ്ഞ വർഷം വിജിലൻസ് കൈയ്യോടെ പിടി കൂടിയതിനെത്തുടർന്ന് നിലവിൽ സസ്പെൻഷനിൽ തുടരുകയായിരുന്നു. ശിക്ഷിച്ച പ്രതിയെ കണ്ണൂർ സെൻട്രൽ ജയിലിലടച്ചു. തലശ്ശേരി വിജിലൻസ് കോടതി ജഡ്ജ് ശ്രീ. കെ.രാമകൃഷ്ണൻ ആണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർമാരായ ശ്രീമതി. ഉഷാകുമാരി.കെ, ശ്രീ. ജിതിൻ.പി എന്നിവർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.